# വെളിച്ചത്തിന്റെ മക്കൾ

## എഫേസ്യർ 5:7-10

നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത്. മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവീൻ. സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം.

വെളിച്ചവും ഇരുളും തമ്മിലുള്ള വ്യത്യാസം വേദപുസ്തകത്തിൽ, പഴയനിയമത്തിലും, പുതിയനിയമത്തിലും, പലഭാഗങ്ങളിൽ നമുക്ക് കാണാൻ കഴിയും. എന്നാൽ ഇവിടെ അപ്പൊസ്തലനായ പൗലോസ് എഫേസ്യരോട് പറയുന്നത്, അനുസരണക്കേടിൽ ജീവിച്ചു ജാതികളുടെ പാപങ്ങളിൽ കൂട്ടാളികളാകരുത്, ദൈവകോപം അവരുടെ മേൽ വരുന്നു. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. കൃപയാലാണ് ഇരുളിലായിരുന്ന നിങ്ങൾ രക്ഷിക്കപ്പെട്ടത്. അത് ദൈവത്തിന്റെ ദാനം മാത്രമാണ്. ആകയാൽ ഇരുളായിരുന്നവരെ കർത്താവിന്റെ വെളിച്ചമേകി തന്റെ പ്രിയമക്കളാക്കി മാറ്റി.

ക്രിസ്തുവിന്റെ അതിമഹത്തായ സ്നേഹത്താൽ, നമുക്ക് വേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ, വഴിപാടും, യാഗവുമായി അർപ്പിച്ചു. കരുണാസമ്പന്നനായ ദൈവം നമ്മൾ ഓരോരുത്തരേയും സ്നേഹിച്ച മഹാ സ്നേഹം നിമിത്തം, അതിക്രമങ്ങളാൽ മരിച്ച നമ്മൾ ഓരോരുത്തരേയും, ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കുകയും, ക്രിസ്തുവേശുവിൽ അവനോടു കൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.

ഈ ലോക ജീവിതം എന്നു പറയുന്നത് ഇരുളും വെളിച്ചവും തമ്മിലുള്ള പോരാട്ടമാണ്. ക്രിസ്ത്യാനികളായ നാം ആ പോരാട്ടത്തിന്റെ നടുവിലാണ്. ദുഷ്ടന്റെ വഴി ഇരുട്ടാണ്. അത് ദൈവ നന്മയെ കോട്ടിമറിച്ച്, തിന്മയെ നന്മയെന്നും, നന്മയെ തിന്മയെന്നും പറയും. ഇന്നത്തെ നമ്മുടെ ലോകത്തിൽ ഇരുട്ട് ആളുകളെ തടവിലാക്കിയിരിക്കുകയാണ്. 1 യോഹന്നാൻ 2:11 ൽ ഇപ്രകാരം പറയുന്നു, “സഹോദരനെ പകയ്ക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു, ഇരുട്ടിൽ നടക്കുകയും ചെയ്യുന്നു. ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്ന് അവൻ അറിയുന്നില്ല.” ഇന്ന് ഈ ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ നിങ്ങൾ ആശ്ചര്യപ്പെടരുത്. നാം നമ്മുടെ സഹോദരനെ സ്നേഹിക്കുന്നു എങ്കിൽ മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് നമുക്ക് അറിയാം. സഹോദരനെ പകെക്കുന്നവനെല്ലാം കുലപാതകൻ ആകുന്നു എന്ന് വചനം പറയുന്നു.

അതു കൊണ്ട് പ്രിയ ദൈവജനമെ നമ്മുടെ ജീവിതത്തിൽ ഒരു വ്യത്യാസം ആവശ്യമാണ്. ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു, ഇരുട്ട് നിറഞ്ഞ ഈ ലോകത്തിൽ നിന്ന് പക, അകൃത്യങ്ങൾ, ദുർന്നടപ്പ്, സ്വാർത്ഥത, വിഗ്രഹാരാധന, പൊട്ടച്ചൊൽ, കളിവാക്ക് ഇവയൊക്കെ ഉപേക്ഷിച്ചു സ്തോത്രം എന്ന യാഗത്തോടെ പ്രവൃത്തിയിലും സത്യത്തിലും സ്നേഹം ധരിച്ചു ദൈവത്തിന്റെ മക്കളായി നടപ്പിൻ. അതിന്നു ദൈവവചനത്തിലൂടെ ആത്മാവിന്റെ സുകൃതഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ആയിരിപ്പിൻ. അതിന്നു ദൈവം നമ്മെ ഓരോരുത്തരേയും ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കാം.

**പരാമർശം:**

**1 പത്രോസ് 2:9**

നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 007**